തൊഴിൽ നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

115 [1288] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതു വരെയായി സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്രപേർക്ക് സ്ഥിരമായും താത്കാലിക വ്യവസ്ഥകളിലും നിയമനം നൽകി എന്ന് അറിയിക്കാമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

1996-1997 സാമ്പത്തികവർഷം മുതൽ 2000-2001 സാമ്പത്തികവർഷം വരെ സംസ്ഥാനത്തെ വ്യവസായരംഗത്ത് ഉണ്ടായ നിക്ഷേപങ്ങൾ

116 [1289] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-1997 സാമ്പത്തികവർഷം മുതൽ 2000-2001 സാമ്പത്തികവർഷം വരെ സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഉണ്ടായ പൊതുമേഖലാ നിക്ഷേപം, സ്വകാര്യമേഖലാ നിക്ഷേപം, വിദേശ നിക്ഷേപം എന്നിവ എത്രയെന്നതു സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2001-2002 സാമ്പത്തിക വർഷം മുതൽ നാളിതുവരെ സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഉണ്ടായ നിക്ഷേപം സംബന്ധിച്ച പ്രസ്തുത രീതിയിലുള്ള വിശദമായ കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 1996-1997 സാമ്പത്തികവർഷം മുതൽ 2000-2001 സാമ്പത്തികവർഷം വരെ സംസ്ഥാനത്തെ വ്യവസായ രംഗത്ത് ഉണ്ടായ പൊതുമേഖലാ, സ്വകാര്യ മേഖല, വിദേശ നിക്ഷേപങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

	പൊതുമേഖല	*സ്വകാര്യമേഖല*	*വിദേശനിക്ഷേപം*
കെ. എസ്. ഐ. ഡി. സി.-യുടെ കീഴിലുള്ളവ	97.40 കോടി	1546.24 കോടി	114.00 കോടി
വ്യവസായ വകുപ്പിന്റെ കീഴിലുള്ളത്	ഇല്ല	422708 ലക്ഷം	ഇല്ല
കിൻഫ്രയുടെ ആഭിമുഖ്യത്തിൽ	ഇല്ല	100 കോടി	ഇല്ല

LIBRARY ARCHIVES Kerala Legislative Assembly